The Times Of India 28 Jan 2015

# It's an honour for all doctors, says Haridas

TIMES NEWS NETWORK



> I am humbled by the recognition and I receive it whole heartedly. It also brings more responsibility, to dedicate more of my time and effort to the health sector of the state
>
> **DR K P HARIDAS**
> Padma Shri Awardee

**Thiruvananthapuram:** Dr K P Haridas has dedicated the Padma Shri award to all doctors who are involved in health care sector in the state.

"I am humbled by the recognition and I receive the honour wholeheartedly. It also brings more responsibility, to dedicate more of my time and efforts to the health sector of the state," said Dr K P haridas who is one among the two Padma award recipients from the state this year.

Dr Haridas started his career in 1968 as a lecturer in pharmacology and moved on to join his favourite discipline, surgery in 1970.

He had served in the UK for six years and earned a fellowship from Royal College of Physicians and Surgeons FRCS (Glasgow). In 1987 he moved to UAE and took up the position of a consultant surgeon and chief of surgical division at Beda Zayed Hospital in Abu Dhabi.

After a successful stint in the UAE, Dr Haridas returned to Kerala to rejoin the medical college service here. After retiring from government service, he started Lords Hospital in Thiruvananthapuram, and has been a known presence in the industry since.

"I wish to build a geriatric home and an orphanage," said Haridas, who is currently in the process of writing a memoir entitled 'The Making of a Surgeon', which he hopes, will inspire thousands of budding surgeons to make the pursuit of innovation and excellence an integral aspect of their lives.

Malayala Manorama 28 Jan 2015

# പത്മ ബഹുമതിയിലെത്തിയ ശസ്ത്രക്രിയാ വൈദഗ്ധ്യം



ഡോ. ഹരിദാസ്

തിരുവനന്തപുരം● ശസ്ത്രക്രിയാ വൈദഗ്ധ്യം കൊണ്ടു പതിനായിരങ്ങളുടെ ജീവൻ രക്ഷിച്ച ചരിത്രമാണു പത്മശ്രീ ബഹുമതി ലോഡ്സ് ആശുപത്രി ചെയർമാൻ ഡോ. കെ.പി. ഹരിദാസിനെ തേടിയെത്താൻ നിമിത്തമായത്. നാലര പതിറ്റാണ്ടു നീളുന്ന സേവനത്തിനിടയിൽ 85,000ൽ പരം ലാപ്രോസ്കോപിക് ശസ്ത്രക്രിയകൾ നടത്തിയ വിസ്മയകരമായ റെക്കോർഡും അദ്ദേഹത്തിനുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ കേരളത്തിൽ ആദ്യമായി കരളിലെ ട്യൂമർ നീക്കം ചെയ്തത് ഇദ്ദേഹമാണ്. തിരുവനന്തപുരത്ത് ആദ്യമായി ലാപ്രോസ്കോപിക് ശസ്ത്രക്രിയ നടത്തിയതിന്റെ ക്രെഡിറ്റും ഡോക്ടർക്കാണ്. സ്ലീവ് ഗാസ്ട്രക്ടമി, മിനി ഗാസ്ട്രിക് ബൈപാസ് തുടങ്ങിയ ശസ്ത്രക്രിയകളും ഡോ. ഹരിദാസ് നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളജിൽനിന്ന് എംബിബിഎസും തുടർന്നു ജനറൽ സർജറിയിൽ ബിരുദാനന്തര ബിരുദവും നേടിയ ഇദ്ദേഹം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളജുകളിൽ ജോലി നോക്കി. ഗ്ലാസ്ഗോയിൽനിന്നാണ് എഫ്ആർസിഎസ് നേടിയത്. ലണ്ടനിലെ മ്യൂസ്ഗ്രോവ് പാർക് മെഡ്‌വേ ആശുപത്രിയിലും വിപ്സ് ക്രോസ് ആശുപത്രിയിലും ജോലി ചെയ്തു. പിന്നീടു യുഎഇ ഗവ. സർവീസിൽ മെഡിക്കൽ സർവീസസ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. കോഴിക്കോട് മെഡിക്കൽ കോളജിൽ സർജറി വിഭാഗം മേധാവിയും പ്രഫസറുമായിരിക്കെ സ്വയം വിരമിച്ചാണ് ആനയറയിൽ ലോഡ്സ് ആശുപത്രി സ്ഥാപിച്ചത്.

വർക്കല ചെറുന്നിയൂർ സ്വദേശിയാണ്. ഭാര്യ: പരേതയായ ഉഷ. മക്കൾ: ഹരീഷ്(വൈസ് ചെയർമാൻ, ലോഡ്സ് ആശുപത്രി. ഡോ. ദീപ, മീര. മരുമക്കൾ: ഡോ. ജി. ഗംഗാപ്രസാദ്(പ്ലാസ്റ്റിക് സർജൻ), ഡോ. കെ.സി. പ്യാരിലാൽ (തൃശൂർ എലൈറ്റ് മിഷൻ ആശുപത്രി പാർട്നർ).

Madhyamam 28 Jan 2015

# ‘പത്മശ്രീ സേവനതൽപരരായ ഡോക്ടർമാർക്ക്’

**തിരുവനന്തപുരം:** തനിക്ക് ലഭിച്ച പത്മശ്രീ പുരസ്കാരം കേരളത്തിൻെറ ആരോഗ്യമേഖലയിൽ നിസ്വാർഥ സേവനം നടത്തുന്ന എല്ലാ ഡോക്ടർമാർക്കുമായി സമർപ്പിക്കുന്നുവെന്ന് പുരസ്കാര ജേതാവ് ഡോ. കെ.പി. ഹരിദാസ്. രാഷ്ട്രത്തിൻെറ പരമോന്നത ബഹുമതികളിലൊന്നായ പത്മശ്രീയെ സന്തോഷപൂർവം ഹൃദയത്തിലേറ്റു വാങ്ങുകയാണ്.

ഇത് തന്നെ കൂടുതൽ വിനയാന്വിതനാക്കുന്നു. തൻെറ പ്രവർത്തന സപര്യയിൽ ഒപ്പം നിന്ന് തന്നെ സഹായിക്കുന്ന എല്ലാവർക്കും നന്ദിയും സ്നേഹവും ആദരവും രേഖപ്പെടുത്തുന്നതായി ഡോ. കെ.പി. ഹരിദാസ് പ്രസ്താവനയിൽ പറഞ്ഞു.